മുടക്കി പാലത്തിന്റെ പണി

444 [635] ശ്രീ. ബന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം പഞ്ചായത്തിനേയും രാമമംഗലം പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന മുടക്കി പാലത്തിന്റെ പണി പുനരാരംഭിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഈ പാലം പണി ഏറ്റെടുത്തത്. 10-10-1979-ൽ കരാർ ഉറപ്പിച്ച പണി 29-10-1981-ൽ തീർക്കേണ്ടതായിരുന്നു. എന്നാൽ യഥാസമയം പണി പൂർത്തിയാക്കാൻ കോർപ്പറേഷന് കഴിഞ്ഞില്ല. പാലത്തിന്റെ പണി നൂറുശതമാനവും തീർന്നു. അപ്രോച്ച് റോഡിന്റെ പണി ഭാഗീകമായി മാത്രമേ പൂർത്തിയായുള്ളൂ. ഈ സാഹചര്യത്തിൽ പണി തുടർന്ന് നടത്തുന്നതിൽ നിന്നും കൺസ്ട്രക്ഷൻകോർപ്പറേഷനെ ഒഴിവാക്കി കരാർ റദ്ദാക്കുവാൻ തീരുമാനിച്ചു. ശേഷിച്ച പണികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ കൂട്ടാലിട കണ്ണാടിപ്പൊയിൽ റോഡ്

445 [636] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. ഏറ്റെടുത്തിരുന്ന കോഴിക്കോട് ജില്ലയിലെ കൂട്ടാലിട കണ്ണാടിപ്പൊയിൽ റോഡ് ഗതാഗതയോഗ്യമല്ലായെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ, ബി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ 1981-ൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ രീതിയിൽ സ്ഥലം വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ ഫലത്തിൽ റോഡ് ഇതുവരെയും ഏറ്റെടുത്തിട്ടില്ല. അതിനാൽ റോഡിന്റെ കേടുപാടുകൾ തീർത്ത് ഗതാഗതയോഗ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. റോഡിന്റെ ഫിസിക്കൽ ടേക്ക് ഓവർ കഴിഞ്ഞ് എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റു സാങ്കേതിക നടപടികളും പൂർത്തിയാക്കിയ്ശേഷമേ പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

ഏറുമാനൂർ-ഈരാറ്റുപേട്ട റോഡ്

446 [637] ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ-ഈരാറ്റുപേട്ട റൂട്ട് ഹൈവേ ആയി പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly